"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുവിദ്യാഭ്യാസ വകുപ്പ് - ജീവനക്കാര്യം - പൂഴനാട് എം.ജി.എം. ഹൈസ്കൂളിലെ ക്ലാർക്ക് ശ്രീ അഭിലാഷ് യു.എസ്. ന്റെ നിയമനാംഗീകാരം - റിവിഷൻ ഹർജി തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (എസ്) വകുപ്പ്**

സ.ഉ.(സാധാ) നം.3106/2026/GEDN തീയതി,തിരുവനന്തപുരം, 07-05-2026

---

പരാമർശം:-

1. പൂഴനാട് എം.ജി.എം. ഹൈസ്കൂൾ മാനേജർ 28.10.2025 18.11.2025 തീയതികളിൽ സമർപ്പിച്ച റിവിഷൻ ഹർജികൾ.
2. ശ്രീ അഭിലാഷ് യു.എസ്. ന്റെ 22.11.2025 തീയതിയിലെ ഹർജി.
3. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 26.02.2026 തീയതിയിലെ ഡിജിഇ/23992/2025-ഇറ്റി4 നമ്പർ റിപ്പോർട്ട്.

**ഉത്തരവ്**

പൂഴനാട് എം.ജി.എം ഹൈസ്‌കൂളിലെ ക്ലാർക്ക് ആയ ശ്രീ അഭിലാഷ് യു.എസ്.ന്റെ നിയമനാംഗീകാരം സംബന്ധിച്ച് മാനേജർ പരാമർശം (1) പ്രകാരം റിവിഷൻ പെറ്റീഷൻ സമർപ്പിച്ചിട്ടുണ്ട്.

2. ഈ വിഷയത്തിൽ പൊതുവിദ്യാഭ്യാസ ഡയറക്ടർ പരാമർശം (3) പ്രകാരം റിപ്പോർട്ട് സമർപ്പിച്ചു. പൂഴനാട്, എം ജി എം എച്ച് എസ് ലെ ക്ലർക്ക് ആയ ശ്രീ സജുകുമാർ എസ് ആർ ന്റെ വിരമിക്കൽ ഒഴിവിലാണ് മാനേജർ ശ്രീ അഭിലാഷ് യു.എസ്. നെ ക്ലർക്ക് ആയി 01/06/2023 മുതൽ നിയമിച്ചിട്ടുള്ളത്. പുതുതായി ആരംഭിച്ച സ്കൂളുകളുടെ ഗണത്തിൽപ്പെടുന്ന ടി സ്കൂളിൽ സംരക്ഷിത ജീവനക്കാരെ ആരെയും നിയമിക്കാത്തതിനാലും, ചട്ടം 43 അവകാശിക്ക് സ്ഥാനക്കയറ്റം നൽകിയിട്ടില്ല എന്നതിനാലും നിയമനം നെയ്യാറ്റിൻകര ജില്ലാ വിദ്യാഭ്യാസ ആഫീസർ നിരസിച്ചു, നിയമനം നിരസിക്കാനിടയായ കാരണങ്ങൾ എല്ലാം നിലനിൽക്കുന്ന സാഹചര്യത്തിൽ ശ്രീ അഭിലാഷ് യു.എസ്.ന്റെ 01/06/2023 മുതലുള്ള നിയമനം സംബന്ധിച്ച റിവിഷൻ ഹർജി നിരസിച്ചിരുന്നു. ആയതിനെതിരെയാണ് മാനേജർ റിവിഷൻ ഹർജി സമർപ്പിച്ചിട്ടുള്ളത്. റിവിഷൻ ഹർജിയിലെ മാനേജരുടെ വാദം ചുവടെ ചേർക്കുന്നു.

i. ശ്രീ അഭിലാഷ് യു.എസ്.-ന്റെ നിയമന തീയതിയായ 01.06.2023-ൽ സ്കൂളിൽ ഒരു എച്ച്.എസ്.ടി (ഹിന്ദി) തസ്തിക/എച്ച് എസ് ടി സംസ്കൃതം (പാർട്ട് ടൈം) തസ്തികകൾ സംരക്ഷിത നിയമനത്തിനായി ഒഴിച്ചിട്ടിരുന്നു.

എച്ച്.എസ്.ടി ഹിന്ദി ശ്രീമതി രാജശ്രീയെ ടീച്ചർ ഇൻ ചാർജ് ആയി നിയമിച്ചതിനെ തുടർന്നുള്ള എച്ച്.എസ്.ടി തസ്തികയാണ് ഒഴിവുണ്ട് എന്ന് മാനേജർ അവകാശപ്പെടുന്നത്. ടീച്ചർ ഇൻ ചാർജ് ആയുള്ള ശ്രീമതി രാജശ്രീയുടെ നിയമനം പരിഗണനാർഹമല്ല, ആകയാൽ ശ്രീ.അഭിലാഷിന്റെ

നിയമന തീയതിയായ 01.06.2023 ൽ എച്ച്.എസ്.ടി (ഹിന്ദി) തസ്തികയിൽ ഒഴിവ് നിലനിൽക്കുന്നില്ല.

2019-20 വർഷത്തെ തസ്തിക നിർണയം വരെ പൂഴനാട് എം.ജി.എം ഹൈസ്കൂളിൽ എച്ച്.എസ്.ടി (സംസ്കൃതം പാർട്ട് ടൈം) തസ്തിക അനുവദിച്ചിരുന്നതായി നെയ്യാറ്റിൻകര ജില്ലാ വിദ്യാഭ്യാസ ആഫീസർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. 2019-20 വർഷത്തെ തസ്തിക നിർണയം തന്നെയാണ് 2021-22 വർഷവും പ്രാബല്യത്തിൽ ഉള്ളത്. എന്നാൽ 2022-23 വർഷത്തെ തസ്തിക നിർണയത്തിൽ കുട്ടികളുടെ കുറവ് കാരണം പ്രസ്തുത എച്ച്.എസ്.ടി (സംസ്കൃതം പാർട്ട് ടൈം) തസ്തിക നഷ്ടമായിട്ടുണ്ട്. ആകയാൽ ശ്രീ.അഭിലാഷിന്റെ നിയമന തീയതിയായ 01.06.2023 -ൽ എച്ച്.എസ്.ടി (സംസ്കൃതം പാർട്ട് ടൈം ) തസ്തികയിൽ ഒഴിവ് നിലനിൽക്കുന്നില്ല.

ii. എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന ലഭ്യമായ ലിസ്റ്റിൽ നിന്നും ശ്രീ.വിനോദ് വിജയ് യെ ഓഫീസ് അറ്റൻഡന്റ് ആയി നിയമിച്ചിട്ടുണ്ട്, ആയതിനാൽ ഭിന്നശേഷി സംവരണം പാലിച്ചിട്ടുണ്ട് എന്നാണ് മാനേജരുടെ മറ്റൊരു വാദം.

പൂഴനാട് എം.ജി.എം. ഹൈസ്കൂളിലെ ഓഫീസ് അറ്റെൻഡന്റ് ആയിരുന്ന ശ്രീ ഷാജി റ്റി വിരമിച്ച ഒഴിവിലാണ് മാനേജർ ശ്രീ വിനോദ് വിജയ് യെ 07.08.2025 മുതൽ നിയമിച്ചിട്ടുള്ളത്. 2025 -26 ലെ തസ്തിക നിർണ്ണയം പ്രകാരം ടി സ്കൂളിൽ 8,9, 10 ക്ലാസ്സുകളിലായി ആകെ 29 കുട്ടികൾ മാത്രമാണ് ഉള്ളത്. ആയതിനാൽ ടി സ്കൂൾ മതിയായ എണ്ണം കുട്ടികൾ ഇല്ലാത്ത വിദ്യാലയമാണ്. ഭിന്നശേഷി നിയമനത്തിനായി മാറ്റി വച്ച തസ്തികയിലേക്ക് ഭിന്നശേഷി സംവരണ പ്രകാരമാണ് ശ്രീ വിനോദ് വിജയ് യെ നിയമിച്ചത് എന്നാണ് മാനേജരുടെ വാദം. വ്യവസ്ഥാപിത റഗുലർ ഒഴിവുകളാണ് ഭിന്നശേഷി നിയമനത്തിനായി മാറ്റി വയ്ക്കേണ്ടത്. മതിയായ എണ്ണം കുട്ടികൾ ഇല്ലാത്ത വിദ്യാലയത്തിലെ ഒഴിവിലേക്ക് ഭിന്നശേഷി സംവരണ പ്രകാരമുള്ള റഗുലർ നിയമനം നടത്താനാകില്ല.

പൂഴനാട് എം.ജി.എം. ഹൈസ്കൂൾ പുതിയതായി ആരംഭിച്ച വിഭാഗത്തിൽപ്പെടുന്ന സ്കൂൾ ആയതിനാൽ ടി സ്കൂളിലെ നിയമനങ്ങൾ അംഗീകരിക്കുന്നതിനു ഒരു സംരക്ഷിത അധ്യാപകനെയെങ്കിലും മാനേജർ നിയമിക്കേണ്ടതാണ്. എന്നാൽ ശ്രീ അഭിലാഷിന്റെ നിയമന തീയതിയിലോ നിലവിലോ ടി സ്കൂളിൽ സംരക്ഷിത ജീവനക്കാർ ആരും തന്നെ സേവനമനുഷ്ഠിക്കുന്നില്ല. മാനേജർ ഭിന്നശേഷി സംവരണം പാലിച്ചിട്ടില്ല. ക്ലാർക്ക് തസ്തികയിലെ നിയമനത്തിന് അർഹനായ ചട്ടം അവകാശിയെ മാനേജർ പരിഗണിച്ചിട്ടില്ല. ശ്രീ അഭിലാഷ് യു എസ് നെ ക്ലർക്ക് ആയി 01/06/2023 മുതലാണ് മാനേജർ നിയമിച്ചിട്ടുള്ളത്. പ്രസ്തുത സ്കൂൾ 2023-24 വർഷം 27 കുട്ടികൾ മാത്രമുള്ള മതിയായ എണ്ണം കുട്ടികൾ ഇല്ലാത്ത സ്കൂൾ ആണ്. ആയതിനാൽ പൂഴനാട്, എം ജി എം എച്ച് എസ് ലെ ക്ലർക്ക് തസ്തികയിലെ ശ്രീ അഭിലാഷിന്റെ 01/06/2023 മുതലുള്ള നിയമനം പരിഗണനാർഹമല്ല എന്ന് പൊതു വിദ്യാഭ്യാസ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ, പൂഴനാട് എം.ജി.എം ഹൈസ്കൂളിലെ ക്ലാർക്ക് ആയ ശ്രീ അഭിലാഷ് യു.എസ്.ന്റെ 01/06/2023 മുതലുള്ള നിയമനം അംഗീകരിക്കുന്നത് സംബന്ധിച്ച് മാനേജർ സമർപ്പിച്ചിരിക്കുന്ന റിവിഷൻ പെറ്റീഷൻ നിരസിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ബിന്ദു ആർ
ജോയിന്റ് സെക്രട്ടറി

ശ്രീ അഭിലാഷ് യു. എസ്., ക്ലർക്ക്, എം.ജി.എം.എച്ച്.എസ്., പൂഴനാട്, പൂഴനാട് പി.ഒ., നെയ്യാറ്റിൻകര.
മാനേജർ, എം.ജി.എം.എച്ച്.എസ്., പൂഴനാട്, പൂഴനാട് പി.ഒ., നെയ്യാറ്റിൻകര
പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്)/(എ&ഇ), കേരള, തിരുവനന്തപുരം
വിവര പൊതുജനസമ്പർക്ക (വെബ് &ന്യൂ മീഡിയ) വകുപ്പ്
കരുതൽ ഫയൽ/ഓഫീസ് കോപ്പി (S2/188/2025-G.EDN)

ഉത്തരവിൻ പ്രകാരം

Signed by
Resmi Babu
സെക്ഷൻ ഓഫീസർ
Date: 07-05-2026 16:39:52

പകർപ്പ്:
ബഹു. പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പ് മന്ത്രിയുടെ പി.എസ്.ന്.
പൊതുവിദ്യാഭ്യാസ സെക്രട്ടറിയുടെ സി.എ.യ്ക്ക്.